"ഭരണഭാഷ- മാതൃഭാഷ" **കേരള സർക്കാർ**

നമ്പർ.A1/43/2025-HOME
ആഭ്യന്തര (എ) വകുപ്പ്
തിരുവനന്തപുരം
തിയതി: 24-06-2025

<u>അനൗദ്യോഗിക കുറിപ്പ്</u>

വിഷയം:- ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - ശ്രീ ഐ. എം. വിജയൻ, അസിസ്റ്റന്റ് കമാണ്ടന്റിന് ഡെപ്യൂട്ടി കമാണ്ടന്റ് തസ്തികയിലേക്ക് (സൂപ്പർ ന്യൂമറി തസ്തികയിൽ) ഉദ്യോഗക്കയറ്റം നൽകിയത് - സംബന്ധിച്ച്.

സൂചന:- 1.)29.04.2025 തീയതിയിലെ സ.ഉ. (സാധാ) നം.1388/2025/HOME നമ്പർ സർക്കാർ ഉത്തരവ്.
2.)18.06.2025 തീയതിയിലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ, ഇനം നം. 3046.

സൂചനകളിലേക്ക് പൊതു ഭരണ (എസ്. സി.) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും ശ്രീ ഐ. എം. വിജയൻ, അസിസ്റ്റന്റ് കമാണ്ടന്റിന് ഡെപ്യൂട്ടി കമാണ്ടന്റ് തസ്തികയിലേക്ക് (സൂപ്പർ ന്യൂമറി തസ്തികയിൽ) ഉദ്യോഗക്കയറ്റം നൽകി പുറപ്പെടുവിച്ച സൂചന (1)ലെ ഉത്തരവ് അനന്തര നടപടികൾക്കായി ടി വകുപ്പിന് നൽകാവുന്നതുമാണ്.

പൊതു ഭരണ (എസ്. സി.) വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Deepu B K
Date: 24-06-2025 16:25:46

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-06-2025

ഫയൽ നം. എ1/43/2025/ആഭ്യന്തരം. ഇനം നം: 3046

വിഷയം : ആഭ്യന്തര വകുപ്പ് - ശ്രീ. ഐ. എം. വിജയന് ഡെപ്യൂട്ടി കമാണ്ടന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥാനക്കയറ്റം നൽകി പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
1 8 JUN 2025

3046

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽനമ്പർ | എ 1/43/2025/ആഭ്യന്തരം |
| 2 | വകുപ്പ് | ആഭ്യന്തര (എ) വകുപ്പ് |
| 3 | വിഷയം | ശ്രീ ഐ എം വിജയന് ഡെപ്യൂട്ടി കമാണ്ടന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥാനക്കയറ്റം നൽകി പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിക്കുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28/04/2025 |
| 5 | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ആണ് |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. പ്രിയമോൾ.എം.പി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/05/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 06/06/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13-06-2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഫുട്ബോൾ മേഖലയിൽ അതുല്യ നേട്ടങ്ങൾ കൈവരിച്ച് കേരളത്തിന്റെയും രാജ്യത്തിന്റെയും പ്രതിച്ഛായ ഉയർത്തിയ ശ്രീഐ.എം.വിജയന് ഒരു ഡെപ്യൂട്ടി കമാണ്ടന്റിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, ടി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ഫുട്ബോൾ രംഗത്ത് ഇന്ത്യാ രാജ്യത്തിനും കേരളത്തിനും നൽകിയ സേവനം കണക്കിലെടുത്ത് ഒരു ഡെപ്യൂട്ടി കമാണ്ടന്റ് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടി തസ്തികയിലേയ്ക്ക് ഡെപ്യൂട്ടി കമാണ്ടന്റായി തനിക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് മലബാർ സ്പെഷ്യൽ പോലീസ് ബറ്റാലിയനിൽ അസിസ്റ്റന്റ് കമാണ്ടന്റായി ജോലി നോക്കുന്ന ശ്രീ.ഐ.എം.വിജയൻ അപേക്ഷ സമർപ്പിച്ചിരുന്നു.

3) ആംഡ് പോലീസ് ബറ്റാലിയനിൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറായിരുന്ന ശ്രീ.ഐ.എം.വിജയന് ആംഡ് പോലീസ് ഇൻസ്പെക്ടറുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ആംഡ് പോലീസ് ഇൻസ്പെക്ടറായി 2012 ൽ out of turn promotion നൽകിയിരുന്നു. ടിയാന്റെ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലെ നിയമനം 01-08-2018 FN പ്രാബല്യത്തിൽ ക്രമീകരിയ്ക്കുകയും 01-01-2021 തീയതിയായി പ്രസിദ്ധീകരിച്ച ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ സീരിയൽ നം.49(a)ആയി ടിയാനെ ഉൾപ്പെടുത്തുകയുമുണ്ടായി. പിന്നീട് 12-02-2021 തീയതിയിലെ സ.ഉ (കൈ)നം.40/2021/ആഭ്യന്തരം പ്രകാരം ആംഡ് പോലീസ് ഇൻസ്പെക്ടറുടെ സൂപ്പർന്യൂമററി തസ്തിക അസിസ്റ്റന്റ് കമാണ്ടന്റ് തസ്തികയായി ഉയർത്തി ടിയാന് അസിസ്റ്റന്റ് കമാണ്ടന്റായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്. ശ്രീ.ഐ.എം.വിജയന്റെ അസിസ്റ്റന്റ് കമാണ്ടന്റ് തസ്തികയിലെ നിയമനം 08-04-2025 തീയതിയിലെ സ.ഉ.(സാധ) നം.1230/2025/ആഭ്യന്തരം പ്രകാരം ക്രമീകരിച്ചിട്ടുള്ളതുമാണ്. ശ്രീ.ഐ.എം.വിജയൻ സർവ്വീസിൽ നിന്നും 30.04.2025 തീയതിയിൽ വിരമിക്കുന്ന സാഹചര്യത്തിൽ ഫുട്ബോൾ രംഗത്ത് രാജ്യത്തിനും കേരളത്തിനും ശ്രീ.ഐ.എം.വിജയൻ നൽകിയ സേവനം കണക്കിലെടുത്ത് ഒരു ഡെപ്യൂട്ടി കമാണ്ടന്റിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, ആ തസ്തികയിലേക്ക് KS&SSR ചട്ടം 39-ലെ അധികാരം വിനിയോഗിച്ച് സ്ഥാനക്കയറ്റം നൽകി നിയമനം നടത്താമെന്നും ധനകാര്യ വകുപ്പ് മന്ത്രി കൂടി

കണ്ട് ഉത്തരവ് പുറപ്പെടുവിച്ച ശേഷം മന്ത്രിസഭയുടെ സാധൂകരണത്തിനു സമർപ്പിക്കുവാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

4) അതിൻ പ്രകാരം ബഹു: ധനകാര്യ വകുപ്പ് മന്ത്രി ഫയൽ കണ്ടു.

5) ശ്രീ. ഐ.എം. വിജയൻ നൽകിയ മഹത്തായ സംഭാവനകളും സേവനവും കണക്കിലെടുത്ത് KS&SSRs ചട്ടം 39 പ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഒരു ഡെപ്യൂട്ടി കമാണ്ടന്റിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടി തസ്തികയിലേക്ക് ശ്രീ ഐ.എം.വിജയന് സ്ഥാനക്കയറ്റം നൽകി 29.04.2025 ലെ സ.ഉ(സാധാ)നം.1388/2025/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ശ്രീ. ഐ.എം. വിജയൻ നൽകിയ മഹത്തായ സംഭാവനകളും സേവനവും കണക്കിലെടുത്ത് KS&SSRs ചട്ടം 39 പ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒരു ഡെപ്യൂട്ടി കമാണ്ടന്റിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടി തസ്തികയിലേക്ക് 29.04.2025 ലെ സ.ഉ(സാധാ)നം.1388/2025/ആഭ്യന്തരം (അനുബന്ധം) പ്രകാരം ശ്രീ. ഐ.എം.വിജയന് സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കാമോ ?

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ്- പോലീസ് ജീവനക്കാര്യം- ശ്രീ.ഐ.എം.വിജയൻ, അസിസ്റ്റന്റ് കമാണ്ടന്റിന് ഡെപ്യൂട്ടി കമാണ്ടന്റ് തസ്തികയിലേക്ക് (സൂപ്പർ ന്യൂമററി തസ്തികയിൽ) ഉദ്യോഗക്കയറ്റം നൽകിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആഭ്യന്തരം (എ) വകുപ്പ്

സ.ഉ.(സാധാ) നം.1388/2025/HOME തീയതി,തിരുവനന്തപുരം, 29-04-2025

പരാമർശം:-
1. 12-02-2021 തീയതിയിലെ സ.ഉ(കൈ)നം.40/2021/ആഭ്യന്തരം.
2. ശ്രീ.ഐ.എം.വിജയൻ സമർപ്പിച്ച അപേക്ഷ
3. സംസ്ഥാന പോലീസ് മേധാവിയുടെ 10.03.2025 ലെ A7-47428/2025/PHQ നമ്പർ കത്ത്.
4. 08-04-2025 തീയതിയിലെ സ.ഉ.(സാധ) നം.1230/2025/ആഭ്യന്തരം.

ഉത്തരവ്

ഫുട്ബോൾ രംഗത്ത് ഇന്ത്യാ രാജ്യത്തിനും കേരളത്തിനും താൻ നൽകിയ സേവനം കണക്കിലെടുത്ത് ഒരു ഡെപ്യൂട്ടി കമാണ്ടന്റ് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടി തസ്തികയിലേയ്ക്ക് ഡെപ്യൂട്ടി കമാണ്ടന്റായി സ്ഥാനക്കയറ്റം നൽകണമെന്ന് മലബാർ സ്പെഷ്യൽ പോലീസ് ബറ്റാലിയനിൽ അസിസ്റ്റന്റ് കമാണ്ടായി ജോലി നോക്കുന്ന ശ്രീ.ഐ.എം.വിജയൻ അപേക്ഷിച്ചിരുന്നു.

2) ശ്രീ.ഐ.എം.വിജയൻ സേവനം അനുഷ്ഠിച്ചിരുന്ന ആംഡ് പോലീസ് ഇൻസ്പെക്ടർ സൂപ്പർന്യൂമററി തസ്തിക അസിസ്റ്റന്റ് കമാണ്ടന്റ് തസ്തികയായി ഉയർത്തി പരാമർശം (1) ലെ ഉത്തരവ് പ്രകാരം ശ്രീ.ഐ.എം.വിജയന് അസിസ്റ്റന്റ് കമാണ്ടന്റായി സ്ഥാനക്കയറ്റം നൽകിയിരുന്നു. ശ്രീ.ഐ.എം.വിജയന്റെ അസിസ്റ്റന്റ് കമാണ്ടന്റ് തസ്തികയിലെ നിയമനം പരാമർശം (4) ലെ ഉത്തരവ് പ്രകാരം ക്രമീകരിച്ചിട്ടുള്ളതാണ്.

3) സർക്കാർ ശ്രീ.ഐ.എം.വിജയന്റെ ആവശ്യം വിശദമായി പരിശോധിച്ചു. ഫുട്ബോൾ മേഖലയിൽ അതുല്യ നേട്ടങ്ങൾ കൈവരിച്ച് കേരളത്തിന്റെയും രാജ്യത്തിന്റെയും പ്രതിച്ഛായ

ഉയർത്തുന്നതിന് ശ്രീ. ഐ.എം. വിജയൻ നൽകിയ മഹത്തായ സംഭാവനകളും സേവനവും കണക്കിലെടുത്ത് KS&SSRs ചട്ടം 39 പ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒരു ഡെപ്യൂട്ടി കമാണ്ടന്റിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, ടി തസ്തികയിലേക്ക് ശ്രീ. ഐ.എം.വിജയന് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സംസ്ഥാന പോലീസ് മേധാവി ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രിയമോൾ എം പി
ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
ശ്രീ.ഐ.എം.വിജയൻ (സംസ്ഥാന പോലീസ് മേധാവി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ),കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (A1/43/2025/Home)

ഉത്തരവിൻ പ്രകാരം
Signed by
Deepu B K
Date: 29-04-2025 12:09:28
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.